ശ്രീ. വി. സി. കബീർ : താലൂക്കാശുപത്രികളുടെ പ്രവർത്തനം സുശക്തമാക്കേണ്ടതുണ്ട്. അതോടൊപ്പം അതിന്റെ ഭരണാധികാരം മുനിസിപ്പാലിറ്റികൾക്കും ബ്ലോക്കു പഞ്ചായത്തുകൾക്കുമാണ്. ഇപ്പോൾ ഗവൺമെന്റ് കൊടുത്തിരിക്കുന്നത്. ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാലുടനെ ഞാൻ മുൻസിപ്പൽ ചെയർമാൻമാരുടെയും ജില്ലാ പഞ്ചായത്തു പ്രസിഡന്റുമാരുടെയും സമ്മേളനം വിളിച്ചു കൂട്ടാൻ പോകുകയാണ്. അതിൽ കുറെ കാര്യങ്ങൾ പരിഹരിക്കാം. അഞ്ചുതെങ്ങിൽ അദ്ദേഹം എന്നെ കൊണ്ടുപോയതാണ്. അദ്ദേഹത്തിന്റെ നിവേദനം എന്റെ ശ്രദ്ധയിലുണ്ട്. കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്. കെട്ടിടം നിർമ്മിച്ചു കൊണ്ടിരിക്കുന്നു. വേറൊരു ഏജൻസി അവിടെ ചെല്ലേണ്ട എന്നാണ് എന്റെ അഭിപ്രായം.

മി.സ്പീക്കർ :- ചോദ്യം 594

നവജാത ശിശുക്കളിൽ കാണുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ

5 (*594) ശ്രീ. എ. കണാരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് നവജാത ശിശുക്കളിൽ ഹൃദയ സംബന്ധമായ രോഗങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് ഇത്തരം രോഗങ്ങൾമൂലം നവജാത ശിശുക്കളുടെ മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും ചികിത്സ നൽകുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇത്തരം രോഗങ്ങൾ തിരിച്ചറിയാൻ കഴിയാത്തതുകൊണ്ട് ചികിത്സ നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ശിശുക്കളിലെ ഹൃദ്രോഗ ചികിത്സയ്ക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഇല്ല.

(ബി) സംസ്ഥാനതലത്തിൽ ഇത്തരത്തിലൊരു പഠനം നടത്തിയിട്ടില്ല. എസ്.എ.ടി. ആശുപത്രിയിൽ ശിശുരോഗവിഭാഗത്തിൽ നടന്ന പഠനത്തിൽനിന്നും മനസ്സിലാകുന്നത് ഏതാണ്ട് 1000-ത്തിൽ 5 നവജാത ശിശുക്കളിൽ ഹൃദയ വൈകല്യങ്ങൾ ഉള്ളതായിട്ടാണ്. ആൾ ഇൻഡ്യാ തലത്തിൽ ഇത് 1000-ത്തിൽ 5 മുതൽ 8 വരെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. നവജാത ശിശുക്കളിൽ മരണം സംഭവിക്കുന്നത് പ്രധാനമായും ജനനസമയത്തെ തൂക്കക്കുറവ്, അണുബാധ, ന്യൂമോണിയ, ഹൃദയ സംബന്ധമായ രോഗങ്ങൾ, തലച്ചോറിലെ തകരാറുകൾ എന്നിവ മൂലമാണ്.

(ഡി) ഉണ്ട്. ഹൃദയസംബന്ധമായ അസുഖങ്ങളുടെ ചികിത്സയ്ക്കായി തിരുവനന്തപുരം എസ്. എ. ടി. ആശുപത്രിയിൽ ഒരു പ്രത്യേക പീഡിയാട്രിക് കാർഡിയോളജി വിഭാഗം 1998 ഏപ്രിൽ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എസ്. എ. ടി. യിൽ സ്ഥാപിച്ചിട്ടുള്ള കളർ ഡോപ്ലർ എക്കോ കാർഡിയോഗ്രാഫി വഴി നവജാത ശിശുക്കളുടെ ഹൃദയ വൈകല്യങ്ങൾ കണ്ടുപിടിക്കാൻ കഴിയും. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഹൃദയ ശസ്ത്രക്രിയ വിഭാഗത്തിന്റെ കീഴിൽ ശിശുശസ്ത്രക്രിയ നടത്താനുള്ള സംവിധാനം നിലവിലുണ്ട്.

(ഇ) ഇത്തരം രോഗങ്ങൾ തിരിച്ചറിയാൻ കഴിയാത്ത സാഹചര്യം സംസ്ഥാനത്ത് ഉണ്ടെന്ന് തോന്നുന്നില്ല. ശസ്ത്രക്രിയ സൗകര്യം പരിമിതമാണ്.

(എഫ്) ഇതിനാവശ്യമായ പ്രത്യേക സംവിധാനം എസ്. എ. ടി. ആശുപത്രിയിൽ നിലവിലുണ്ട്.

ശ്രീ. എ. കണാരൻ : ഹൃദയ സംബന്ധമായ രോഗങ്ങളുള്ള 5000 കുട്ടികൾ പ്രതിവർഷം കേരളത്തിൽ ജനിക്കുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. ഹൃദ്രോഗമുള്ള കുട്ടികളിൽ ബഹുഭൂരിപക്ഷത്തിനും ചികിത്സ ലഭിക്കാത്ത സാഹചര്യമാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്. അതുകൊണ്ട് തന്നെ നവജാത ശിശുക്കളുടെ ചികിത്സയ്ക്കായി പ്രത്യേക സംവിധാനം എല്ലാ താലൂക്ക് ജില്ലാ ആശുപത്രിയിലും ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. സി. കബീർ : മെഡിക്കൽ കോളേജിൽ പരിമിതമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കാം. താലൂക്കാശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ പറ്റുകയില്ല. ഇന്നലെ ഞാൻ കണ്ണൂർ ജില്ലാ ആശുപത്രിയിൽ പോയി, അവിടത്തെ പ്രസവവാർഡ് നരകതുല്യമാണ്. എല്ലായിടത്തും അങ്ങനെയായിരിക്കും. എന്നാൽ ഇന്നലെ ഞാൻ കണ്ടതാണ്. ആരോഗ്യവകുപ്പിനെക്കുറിച്ച് പ്രത്യേക ചർച്ചയും ശ്രദ്ധയും വേണമെന്ന് ഈ സഭയോട് പ്രത്യേകം ഞാൻ അഭ്യർത്ഥിക്കുന്നു. ഇത് ചെയ്തില്ലെങ്കിൽ വലിയ പാപമായിരിക്കും നമ്മൾ ചെയ്യുന്നത്. അതുകൊണ്ട് പ്രത്യേക താൽപ്പര്യം ഗവൺമെന്റ് എടുക്കുന്നതാണ്. ജില്ലാ ആശുപത്രിയുടെ കാര്യം വേറെ നമുക്ക് ആലോചിക്കാം.

ശ്രീ. എ. കണാരൻ : ഹൃദ്രോഗബാധിതരായിട്ടുള്ള നവജാത ശിശുക്കളെ ചികിത്സിക്കാനായി ജില്ലാ ആശുപത്രികളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ; കെട്ടിടങ്ങളും മറ്റ് സഹായങ്ങളും വേണമെങ്കിൽ ഞങ്ങൾ ചെയ്തു തരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : മിക്ക ജില്ലാ ആശുപത്രികളിലും സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗമുണ്ട്. അവിടെ പ്രത്യേക പരിചരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഹൃദ്രോഗ ചികിത്സ ആവശ്യമായി വരുന്ന കുട്ടികളുടെ കാര്യത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമെന്ന് ഞാൻ നേരത്തെ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഇതിന് ഗവൺമെന്റിന് താൽപര്യമുണ്ട്. സാമ്പത്തിക ഞെരുക്കം കാരണമാണ് നടത്താൻ കഴിയാത്തത്. ഘട്ടം ഘട്ടമായി അത് ചെയ്യും.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ഗവൺമെന്റ് ആശുപത്രികളിൽ ഗൈനക്കോളജി വിഭാഗത്തിൽ പ്രത്യേകിച്ച് സ്ത്രീകൾക്ക് ഏറ്റവും നല്ല ചികിത്സ ലഭിക്കുന്നതിനും അതുപോലെതന്നെ നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചപോലെ സാധാരണക്കാരായ ആളുകൾ ആശുപത്രിയിലേക്കു ചെല്ലുമ്പോൾ വലിയ രീതിയിലുള്ള കൈക്കൂലി കൊടുത്താൽ മാത്രമേ നല്ല ചികിത്സ ലഭിക്കുകയുള്ളൂ. ഈ അവസ്ഥ മാറ്റുന്നതിന് കർശനമായിട്ടുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. സി. കബീർ : ചില കുട്ടികളെ കുളിപ്പിച്ച് അതിനെ പൊതിഞ്ഞ് രക്ഷിതാക്കളെ കാണിക്കണമെങ്കിൽ സമ്മാനമായി നിലവിൽ കാശ് കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെയ്യാറ്റിൻകരയിൽ അങ്ങനെ പരാതി വരികയും ഞാൻ നെയ്യാറ്റിൻകര ആശുപത്രിയിൽ പോയി അവിടെ ചില സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വടക്കോട്ടു പോയപ്പോൾ റേറ്റ് കുറഞ്ഞിട്ടുണ്ട്. 100, 50 ആയിട്ടുണ്ട്. ആൺകുട്ടിക്ക് 100 രൂപയും പെൺകുട്ടിക്ക് 50 രൂപയും. ഇന്നലെ കുട്ടികളുടെ അച്ഛനമ്മമാർ തന്നെ പരാതി പറഞ്ഞു. അവരെ ഉപദേശിക്കാനെ ഇപ്പോൾ പറ്റൂ. അത് സ്വയം ഉൾക്കൊള്ളേണ്ടതാണ്. തങ്ങളുടെ കുട്ടികളെ കാണാൻ കാശു കൊടുക്കണമോയെന്ന് രക്ഷിതാക്കൾ തന്നെ പരാതി പറഞ്ഞു. ഇത് മോശമായ കാര്യമാണ്. ആരോഗ്യവകുപ്പിൽ ഇത്തരം സംവിധാനം അനുവദിക്കാൻ സാദ്ധ്യമല്ല. ആദ്യം ഉപദേശിക്കുക, ഉപദേശം സ്വീകരിച്ചില്ലെങ്കിൽ മറ്റു നടപടികൾ സ്വീകരിക്കുക.

ശ്രീമതി ശോഭനാ ജോർജ് : സർ, ഇവിടെ മന്ത്രി പറഞ്ഞു കുഞ്ഞിനെ പ്രസവിച്ചു കഴിഞ്ഞാൽ കുഞ്ഞിന്റെ അച്ഛന് കുഞ്ഞിനെ കാണണമെങ്കിൽ പൈസ കൊടുക്കണമെന്ന്. എന്നാൽ പ്രസവിക്കാൻ അനുവാദം കിട്ടണമെങ്കിൽ പൈസ കൊടുത്താലേ പറ്റൂ എന്നു പറയുന്ന അവസ്ഥയാണ് ഇവിടെയുള്ളത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : ഇല്ല.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് കണ്ട കണ്ണൂർ ജില്ലാ ആശുപത്രിയുടെ അനുഭവം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആലപ്പുഴ മെഡിക്കൽ കോളേജിൽ നവജാതശിശുവാർഡ് എന്നു പറയുന്നത് മൂന്നു കുട്ടികൾക്ക് ഒരു ബെഡ് എന്നുള്ള നിലയിലാണ്. പിറന്നു വീഴുന്ന രണ്ടു കുട്ടികൾ തറയിൽ കിടക്കണം. ഒരു കുട്ടിക്ക് മാത്രമേ ബെഡ് കിട്ടൂ എന്നുള്ള സ്ഥിതിയാണുള്ളത്. അതുകൊണ്ട് നവജാതശിശുക്കളെ സംരക്ഷിക്കേണ്ട വാർഡ് എങ്കിലും വിസ്തൃതമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : ഇപ്രാവശ്യത്തെ ബഡ്ജറ്റിലും അപ്രോപ്രിയേഷനിലും ആലപ്പുഴ മെഡിക്കൽ കോളേജിന്റെ നിർമ്മാണം സമ്പൂർണ്ണമായി പൂർത്തിയാക്കി അതിനകത്തുള്ള പ്രസവ വാർഡ് മാറ്റാനുള്ള ഏർപ്പാടിന് ഗവൺമെന്റ് സത്വരമായി ശ്രമിച്ചു വരികയാണ്. 2000-ാമാണ്ടിൽ അത് പൂർത്തിയാക്കും.

തിരുത്ത്

മുഖ്യമന്ത്രി (ശ്രീ ഇ. കെ. നായനാർ) : സർ, 13-12-1999 ലെ നക്ഷത്ര ചിഹ്നമിടാത്ത 34-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ പിശക് കടന്നു കൂടിയിരുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.†

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആയുർവേദ ചികിത്സാരംഗം മെച്ചപ്പെടുത്തുന്നതിന് നടപടി

6 (*595) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. പി. സി. ജോർജ് :
ഡോ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ചികിത്സാരംഗം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ആയുർവേദത്തിൽ സ്പെഷ്യലൈസേഷൻ കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) വിദേശരാജ്യങ്ങളിൽ ആയുർവേദ ചികിത്സയെപ്പറ്റി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ആയുർവേദം കമ്പോളവൽക്കരിക്കപ്പെടുമ്പോഴുണ്ടാവുന്ന ദുഷ്യഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇവ പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു ?

† അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly